പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7542 | 14.07.2014- ൽ മറുപടിക്ക്

'സ്നേഹ സ്പർശം'

ചോദ്യം
ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സാമൂഹ്യനീതി വകുപ്പിൻ കീഴിൽ സോഷ്യൽ സെക്യൂരിറ്റി മിഷനുമായി സഹകരിച്ച് ദുബായ് കെ.എം.സി.സി നടത്തുന്ന 'സ്നേഹ സ്പർശം' പരിപാടി വഴി എന്തെല്ലാം ആതുര സേവനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി സഹകരിച്ച് ദുബായ് കെ.എം.സി.സി സ്നേഹസ്പർശം എന്ന പരിപാടി നടപ്പിലാക്കുന്നില്ല. എന്നാൽ സംസ്ഥാനത്ത് ചൂഷണത്തിന് വിധേയമായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ അഗതികളായ വനിതകൾക്കുവേണ്ടി സ്നേഹസ്പർശം എന്ന പേരിൽ ഒരു പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്നുണ്ട്. അർഹരായവർക്ക് പ്രതിമാസം 1000/- രൂപ വീതം ധനസഹായം നൽകുന്നു. |
| (ബി) | ഇതിൽ കേരള സർക്കാർ മുൻഗണന നൽകുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നു വ്യക്തമാക്കുമോ; | | |
| (സി) | ഇതിനായി സാമൂഹ്യനീതി വകുപ്പ് എത്ര തുക നീക്കിവച്ചിട്ടുണ്ട്; ദുബായ് കെ.എം.സി.സി ചെലവാക്കാനുദ്ദേശിക്കുന്ന തുക എത്ര; | (സി) | സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്ന സ്നേഹസ്പർശം പദ്ധതിയുടെ നടത്തിപ്പിനായി 2014 -15 സാമ്പത്തിക വർഷം 1 കോടി അമ്പത് ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഇതിന് മുൻപ് ഇതുപോലുള്ള സന്നദ്ധ സംഘടനകൾ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പ്രസ്തുത പ്രവർത്തനങ്ങൾക്കായുള്ള രൂപരേഖ വകുപ്പ് തയ്യാറാക്കിയോ; എങ്കിൽ രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ല എങ്കിൽ പ്രവർത്തനത്തിനായുള്ള രൂപരേഖ തയ്യാറാക്കാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഇ) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ